# പാലകാപ്യം ആനവൈദ്യത്തിന്റെ ആദ്യപുസ്തകം

ഡോ. കെ. മുരളി, ചാലക്കുടി
(ആയുർവേദ കോളേജ്,
തൃപ്പൂണിത്തുറ)

ആനയെപ്പോലെ വലുതും ചാപല്യമുള്ളതുമായ ഒരു മൃഗത്തെ മനുഷ്യൻ ഇണക്കി വളർത്തിയതിൽ കുറച്ചെങ്കിലും അത്ഭുതമുണ്ട്. ആനകളെ കൈകാര്യം ചെയ്യുന്നതിൽ നമ്മുടെ രാജ്യത്തിന് തന്നെയാണ് ചരിത്രത്തിൽ ആദ്യസ്ഥാനം മോഹൻജദാരോ ഉൽഖനനത്തിൽ ആനകളുടെ അസ്ഥികൂടവും കിട്ടിയിട്ടുണ്ട് .ബൈബിൾ പഴയനിയമത്തിലെ പരാമർശത്തിൽ നിന്നും തെക്കേ ഇന്ത്യയിൽ നിന്ന് സോളമൻ രാജാവ് ആനക്കൊമ്പോ, ആനയെത്തന്നെയോ ഇറക്കുമതി ചെയ്തിരുന്നതായി ചരിത്രത്തിലുണ്ട്.ഏതായാലും ക്രിസ്തുവർഷാരംഭത്തോടെ ഈ നാട്ടിലെ മനുഷ്യർ ആനയെ മെരുക്കിക്കൊണ്ടു നടക്കാൻ തുടങ്ങി എന്നത് തീർച്ചയാണ്. വനാതിർത്തിയിലുള്ള ജനപദങ്ങൾക്ക് ആന ഇന്നും അന്നും ഒരു ശല്യം തന്നെ, ഇവയെ ഒഴിവാക്കാനുള്ള ശ്രമങ്ങൾ കീഴടക്കുന്നതിൽ ചെന്നെത്തിയതാകാം.

കൊണ്ടുനടക്കാൻ തുടങ്ങിയാൽ പ്പിന്നെ പരിപാലനത്തിനുള്ള വഴികളും ആലോചിക്കണമല്ലോ. വേദകാലത്തിന് മുമ്പ് തന്നെ ആയുർവ്വേദം പ്രവർത്തിച്ചു തുടങ്ങിയിരുന്നു. ഈ ശാസ്ത്രത്തിന്റെ പ്രയോഗങ്ങൾ ആനകളിലേക്കും വ്യാപിച്ചതാണ് ഹസ്ത്യായുർവ്വേദം. ആയുർവേദത്തിന്റെ തത്വങ്ങൾ സർവ്വതോമുഖവും വിശാലവുമായ പ്രയോഗക്ഷമതയോടു കൂടിയവയുമാണ്.ശാരീരികമായി ചില വ്യതിയാനങ്ങളുണ്ടെങ്കിലും മൂന്ന് ദോഷങ്ങളും ഏഴ് ധാതുക്കളും മലങ്ങളും തന്നെ, മനുഷ്യദേഹത്തിന്റേതെന്നപോലെ ഗജശരീരത്തിന്റെയും ഉള്ളടക്കം. രോഗങ്ങളും സമാനസ്വഭാവം തന്നെ. അതുകൊണ്ട് ചികിത്സയും.

അങ്ങിനെ വിവിധ ആചാര്യന്മാരുടെ ചിന്തയിലൂടെ ഹസ്ത്യായുർവ്വേദം വികസിച്ചുവന്നു. ആദ്യമായി ഈ വിഷയത്തെ ക്രോഡീകരിച്ച് ലിഖിതരൂപമാക്കിയത് പാലകാപ്യൻ എന്ന മുനിയാണ്.

അദ്ദേഹം രചിച്ച ഹസ്ത്യായുർവ്വേദം എന്ന ഗ്രന്ഥം പാലകാപ്യം എന്ന പേരിലും അറിയപ്പെടുന്നു. വളരെ പ്രചാരം നേടിയ ഈ പുസ്തകം അച്ചടിമഷിയിലായത് ഒരിക്കലാണ്. 1894ൽ പൂനെയിലെ ആനന്ദാശ്രമക്കാർ പ്രസിദ്ധീകരിച്ചപ്പോൾ.

പാല കാപ്യത്തെ അധികരിച്ചു, എന്നാൽ വ്യത്യസ്തത പുലർത്തി,പുതിയ അറിവുകൾ ചേർത്ത് പല പല ഗ്രന്ഥങ്ങൾ പ്രാചീന കാലത്ത് തന്നെ രചിക്കപ്പെട്ടിരുന്നു, പ്രചരിച്ചിരുന്നു. എന്നാൽ ആദിമത്വം കൊണ്ടും വലിപ്പം കൊണ്ടും പാലാകാപ്യത്തിനുള്ള പ്രാധാന്യം ഇവ കൊണ്ടൊന്നും കുറയുന്നില്ല.

പന്ത്രണ്ടായിരം ശ്ലോകങ്ങളും നൂറ്റിയറുപത് അധ്യായങ്ങളുമുള്ള പാലകാപ്യം ഗണപതി വന്ദനത്തോടെയാണ് ആരംഭിക്കുന്നത്. ആനകളുടെ പനിയായ പാകലം, ഉദരരോഗമായ ആനാഹം, കാലുകളെ ബന്ധിക്കുന്ന പാദരോഗം തുടങ്ങി മനോരോഗം, ദന്തരോഗം, വിഷബാധ തുടങ്ങി പലതിന്റെയും ചികിത്സാവിധികൾ നിർദ്ദേശിക്കപ്പെടുന്നുണ്ട്. ശരീരശാസ്ത്രം ഭക്ഷണവിധികൾ മർമ്മങ്ങൾ തുടങ്ങിയവയും ഈ ഗ്രന്ഥത്തിന്റെ വിഷയമാണ്.

കാട്ടിൽ സ്വച്ഛന്ദചാരികളായി കുളിച്ചും കളിച്ചും തിന്നും ഇണചേർന്നും ജീവിക്കുന്ന ആനകളാണ് പെട്ടെന്നൊരു ദിവസം പിടിക്കപ്പെട്ട് വളരെ വ്യത്യസ്തമായ സാഹചര്യങ്ങളിലേയ്ക്ക് കൊണ്ടുവരപ്പെടുന്നത്. സ്വാതന്ത്ര്യം നഷ്ടപ്പെട്ട് കഠിനമായ ജോലിയും ചെയ്ത്, പലപ്പോഴും വേണ്ടത്ര ഭക്ഷണവും (ആന പലപ്പോഴും ആഹാരത്തിന്റെ അളവിനേക്കാൾ ഗുണത്തിൽ ശ്രദ്ധ പുലർത്തുന്നു) കിട്ടാതെ വരുമ്പോൾ രോഗങ്ങൾ വന്നില്ലെങ്കിലേ അത്ഭുതമുള്ളൂ. മാനസികവും ശാരീരികവുമായി പീഡിപ്പിക്കപ്പെടുന്ന നാട്ടാനയ്ക്ക് ഏറ്റവും ആവശ്യമായത് കരുണയാണെന്ന് പാലകാപ്യൻ പറയുന്നു. ഇത് തന്നെ ആനചികിത്സയുടെ അടിസ്ഥാനതത്വം. ആനകളുടെ നന്മയെ പ്രാർത്ഥിച്ചുകൊണ്ടുള്ള അനുഷ്ഠാനങ്ങളടങ്ങുന്ന ഗജശാന്തി എന്ന അധ്യായത്തോടെയാണ് പാലകാപ്യൻ ഗ്രന്ഥം അവസാനിപ്പിക്കുന്നത്.

പാലകാപ്യത്തിന്റെ ചുവടു പിടിച്ച് എഴുതപ്പെട്ട രണ്ടു കേരളീയ ഗ്രന്ഥങ്ങളാണ് മാതംഗലീല (എ.ഡി. 17-ാം നൂറ്റാണ്ട്) ഗജരക്ഷാതന്ത്രം (1915) എന്നിവ.